പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2945 — 22.02.2016-ൽ മറുപടിക്ക്

# പ്ലാസ്റ്റിക് ശേഖരണ നിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. എം.ഉമ്മർ<br>ശ്രീ. എൻ.ഷംസുദ്ദീൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തലസ്ഥാന നഗരിയിൽ പ്ലാസ്റ്റിക് ശേഖരണ നിർമ്മാർജ്ജന നടപടികൾ വിജയകരമായി നടപ്പാക്കിയ സാഹചര്യത്തിൽ കുപ്പികളും, ഇ-വേസ്റ്റും ശേഖരിക്കാൻ ഫെബ്രുവരി 10,11 തീയതികളിൽ മാത്രം നടത്തുമെന്നു പ്രഖ്യാപിച്ചിട്ടുള്ള ക്യാമ്പുകൾ സ്ഥിരം സംവിധാനമാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ബി) മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ചവറുകൂനകൾക്ക് തീയിടുന്നതിൽ പെട്ട് പ്ലാസ്റ്റിക് കത്തിപ്പരക്കുന്ന പുകപടലം നഗര വാസികൾക്ക് കഠിനമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകുമോ ? | (ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കണമെന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുമുണ്ട്. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് റീ സൈക്ളിങ്ങിന് കൈമാറുന്നതിന് താത്കാലികമായി ശേഖരിക്കപ്പെടുന്നതിനുള്ള പശ്ചാത്തല സൗകര്യമായ റിസോഴ്സ് റിക്കവറി സെന്റർ/മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ